**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1265** **10-10-2024 - ൽ മറുപടിയ്ക്ക്**

**എറണാകുളം മണ്ഡലത്തിലെ വാത്തുരുത്തി റെയിൽവേ മേൽപ്പാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം മണ്ഡലത്തിലെ വാത്തുരുത്തി റെയിൽവേ മേൽപ്പാലം പദ്ധതി പ്രഖ്യാപിച്ചത് ഏത് വർഷത്തിലാണെന്നും മേൽപ്പാലത്തിന്റെ നിർമ്മാണ ചുമതല ഏത് ഏജൻസിക്കാണ് നൽകിയിരിക്കുന്നതെന്നും എത്ര രൂപയാണ് പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (എ) | എറണാകുളം ജില്ലയിലെ വാത്തുരുത്തി റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 10.07.2017-ലെ സ.ഉ(സാധാ)നം. 942/2017/പൊ.മ.വ പ്രകാരം 30 കോടി രൂപയുടെ ഭരണാനുമതി നൽകുകയും. ആർ.ബി.ഡി.സി.കെ. യെ SPV ആയി നിയമിക്കുകയും ചെയ്തിട്ടുള്ളതാണ്. |
| (ബി) | പദ്ധതിയുടെ നിർമ്മാണ പുരോഗതി വിശദീകരിക്കാമോ; എത്ര സ്ഥലമാണ് പദ്ധതിക്കായി ഏറ്റെടുക്കേണ്ടതെന്നും സ്ഥലമേറ്റെടുക്കാൻ ഏത് ഉദ്യോഗസ്ഥനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും അറിയിക്കുമോ; | (ബി) | വാത്തുരുത്തി റെയിൽവേ മേൽപ്പാല നിർമ്മാണത്തിന് ആവശ്യമായ ഭൂമി കൊച്ചി പോർട്ട് ട്രസ്റ്റ്, ഇന്ത്യൻ നേവി, ഇന്ത്യൻ റെയിൽവെ, ദേശീയപാത എന്നിവയുടെ നിയന്ത്രണത്തിലുള്ളതാണ്. കൂടാതെ പദ്ധതി പ്രദേശം നേവൽ എയർപോർട്ടിന്റെ സമീപവുമാണ്. ആയതിനാൽ ഇന്ത്യൻ നേവിയിൽ നിന്നും പദ്ധതിയുടെ നിർമ്മാണത്തിന് NOC ലഭിക്കേണ്ടതുണ്ട്.<br><br>പദ്ധതിയുടെ അലൈൻമെന്റിന്റെ അംഗീകാരത്തിന് വേണ്ടി വിവിധതരം അലൈൻമെന്റുകൾ പരിശോധിക്കുകയും ഇവ ചീഫ് സെക്രട്ടറിയുടെ നേതൃത്വ ത്തിൽ വിവിധ തലത്തിൽ കൊച്ചിൻ പോർട്ട് ട്രസ്റ്റ്, ഇന്ത്യൻ നേവി എന്നിവരുമായി ചർച്ച ചെയ്യുകയും ഇതിനായി പ്രത്യേക യോഗം ചേരുകയും ചെയ്തിരുന്നു. നാളിതുവരെ അലൈൻമെന്റിന് കൊച്ചി പോർട്ട് ട്രസ്റ്റ്, ഇന്ത്യൻ നേവി എന്നിവരുടെ അംഗീകാരം ലഭിച്ചിട്ടില്ല.<br><br>പ്രസ്തുത ഏജൻസികളിൽ നിന്നും അലൈൻമെന്റിന് അംഗീകാരം ലഭിക്കുന്ന മുറക്ക് പദ്ധതിയുടെ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകാൻ സാധിക്കൂ. |
| (സി) | ഇന്ത്യൻ നാവിക സേനയുടെ ബേസ്, കൊച്ചി കപ്പൽശാല തുടങ്ങിയ സ്ഥാപനങ്ങളുടെ സ്ഥലങ്ങൾ പദ്ധതി പ്രദേശത്ത് സ്ഥിതി ചെയ്യുന്നത് പദ്ധതിയുടെ നടത്തിപ്പിനെ ബാധിക്കാതിരിക്കാൻ എന്തെല്ലാം | (സി) | ബി പിരിവിന്റെ അതേ മറുപടി |

| | | | |
|---|---|---|---|
| | നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ